**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 247** **08-08-2023 - ൽ മറുപടിയ്ക്ക്**

**മൃഗങ്ങളുടെ ആക്രമണങ്ങളിൽ പരിക്കേറ്റവർക്ക് പ്രതിരോധ വാക്സിനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ മൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റ് ചികിത്സ തേടിയവരുടെ ആകെ എണ്ണം എത്രയാണ്; മൃഗങ്ങളുടെ ഇനവും വർഷവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ മൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റ് ചികിത്സ തേടിയവരുടെ ആകെ എണ്ണം 18,69,604 ആണ്. മൃഗങ്ങളുടെ ഇനവും വർഷവും തിരിച്ചുള്ള കണക്ക് **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | മൃഗങ്ങളുടെ കടിയേൽക്കുന്നവർക്കുള്ള പ്രതിരോധ വാക്സിനുകൾ നിലവിൽ സൗജന്യമായാണോ ലഭ്യമാക്കുന്നത്; ഏതൊക്കെ തലങ്ങളിലുള്ള ആശുപത്രികളിലാണ് ഈ വാക്സിനുകൾ നിലവിൽ ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | പേവിഷ ബാധയ്ക്കെതിരെയുള്ള വാക്സിൻ സർക്കാർ ആശുപത്രികളിൽ സൗജന്യമായാണ് ലഭ്യമാക്കുന്നത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും, ആയതിനോട് അനുബന്ധിച്ചുള്ള UHTC, RHTC എന്നിവിടങ്ങളിലും മൃഗങ്ങളുടെ കടിയേൽക്കുന്നവർക്കുള്ള പ്രതിരോധ വാക്സിനുകൾ സൗജന്യമായി ലഭ്യമാണ്. കൂടാതെ നിലവിൽ സംസ്ഥാനത്ത് പേവിഷബാധയ്ക്കെതിരെയുള്ള പ്രഥമശുശ്രൂഷയും ആന്റി-റാബീസ് വാക്സിനും ലഭ്യമാക്കിയിട്ടുള്ള 616 സ്ഥാപനങ്ങളിൽ ആന്റി-റാബീസ് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. ഇവയിൽ 47 സ്ഥാപനങ്ങളിൽ കാറ്റഗറി-3 മുറിവുള്ളവർക്ക് നൽകുന്ന ഇമ്മ്യൂണോഗ്ലോബുലിനും സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പേവിഷ വാക്സിനുകളുടെ ഉപയോഗത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ; എത്ര ശതമാനത്തിന്റെ വർദ്ധനവാണ് വാക്സിൻ ഉപയോഗത്തിൽ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പേവിഷ വാക്സിനുകളുടെ ഉപയോഗത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. വിവിധ വാക്സിൻ ഉപയോഗത്തിൽ 2022 വർഷത്തെ അപേക്ഷിച്ച് 2023 ജൂലൈ വരെ 14.9% മുതൽ 103% വരെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ഡി) | 2016 മുതൽ സംസ്ഥാനത്ത് പേവിഷ വാക്സിൻ എടുത്തവരുടെ ആകെ എണ്ണം എത്രയാണെന്നുള്ള വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (ഡി) | 016 -327380,<br><br>2017- 302980<br><br>2018 - 369178<br><br>2019 - 441646 |

| | | | |
|---|---|---|---|
| | | | 2020 - 436147<br><br>2021 - 563266<br><br>2022 - 703871<br><br>2023 – 279877 ( ജൂലൈ വരെ) |

സെക്ഷൻ ഓഫീസർ

അനുബന്ധം

**2021 ഏപ്രിൽ മാസം മുതൽ 2023 ജൂൺ മാസം വരെയുള്ള കാലയളവിൽ മൃഗങ്ങളുടെ കടിയേറ്റ് സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയവരുടെ വിശദാംശങ്ങൾ**

| വർഷം | നായ | പൂച്ച | കുരങ്ങ് | കുറുക്കൻ/ ചെന്നായ | എലി/ പന്നി എലി | കീരി | പശു | Unknown Bite | മറ്റു മൃഗങ്ങൾ | ആകെ |
|---|---|---|---|---|---|---|---|---|---|---|
| 2021-22 | 230358 | 329585 | 1586 | 861 | 8105 | 227 | 1001 | 557 | 25931 | 598211 |
| 2022-23 | 301263 | 411787 | 972 | 808 | 15741 | 555 | 2215 | 1202 | 27777 | 762320 |
| 2023-24 Upto June2, 2023 | 84090 | 120280 | 370 | 179 | 5276 | 186 | 441 | 296 | 6073 | 217191 |

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലെ ആശുപത്രികളിൽ 2,91,882 പേർക്ക് ചികിത്സ നൽകിയിട്ടുണ്ട്.